നം. പിഡിഎംസി-1/22695/2012.

സാമൂഹ്യക്ഷേമ ഡയറക്ടറേറ്റ്
വികാസ് ഭവൻ, തിരുവനന്തപുരം
തീയതി : 10..10..2012.

## സർക്കുലർ

വിഷയം : സാമൂഹ്യക്ഷേമ വകുപ്പ് - ശൈശവ വിവാഹം- ക്വാർട്ടർലി , ആന്വൽ റിപ്പോർട്ട് സംബന്ധിച്ച്.

സൂചന : 1.GO(P)No.18/08/SWD തീയതി 29.2.2008.
2. GO(P)No.42/08/SWD തീയതി 30.6.2008.

സൂചന 1 പ്രകാരം കേരള പ്രൊഹിബിഷൻ ഓഫ് ചൈൽഡ് മാര്യേജ് റൂൾസ് 2008ൽ രൂപീകൃതമായിട്ടുണ്ട്. ടി ഉത്തരവ് പ്രൊഹിബിഷൻ ഓഫ് ചൈൽഡ് മാര്യേജ് ആക്ട് 2006 എന്നിവ സാമൂഹ്യക്ഷേമ വകുപ്പിന്റെ (ഡയറക്ടറേറ്റിന്റെ) വെബ്സൈറ്റിൽ പ്രസിസിദ്ധീകരിച്ചിട്ടുണ്ട്.

സൂചന 2 പ്രകാരം എല്ലാ ചൈൽഡ് ഡെവലപ്മെന്റ് പ്രോജക്ട് ഓഫീസർമാരേയും ചൈൽഡ് മാര്യേജ് പ്രൊഹിബിഷൻ ഓഫീസർമാരായി നിയോഗിച്ച് ഉത്തരവായിട്ടുണ്ട്. ഈ സാഹചര്യത്തിൽ എല്ലാ ചൈൽഡ് മാര്യേജ് പ്രൊഹിബിഷൻ ഓഫീസർമാരും റൂൾ 3(2)(b) അനുസരിച്ചുള്ള ക്വാർട്ടർലി റിപ്പോർട്ട് തയ്യാറാക്കി അതാത് ജില്ലകളിലെ ജില്ലാ സാമൂഹ്യക്ഷേമ ഓഫീസർമാർക്ക് നൽകേണ്ടതും പകർപ്പ് ഈ കാര്യാലയത്തിലേയ്ക്ക് അയച്ചുതരേണ്ടതുമാണ്. കൂടാതെ ആന്വൽ റിപ്പോർട്ടും അയച്ചുതരേണ്ടതാണ്. ഓരോ ക്വാർട്ടറിലേയും റിപ്പോർട്ട് അടുത്ത മാസം 10-൦൦ തീയതിയ്ക്കകം ഈ ഓഫീസിൽ നിശ്ചിത ഫോർമാറ്റിൽ ലഭ്യമാക്കേണ്ടതാണ്. സമയപരിധി കർശനമായി പാലിക്കേണ്ടതാണ്.

സാമൂഹ്യക്ഷേമ ഡയറക്ടർ

1.എല്ലാ ജില്ലാ സാമൂഹ്യക്ഷേമ ഓഫീസർമാർക്കും.
2.എല്ലാ ശിശുവികസനപദ്ധതി ഓഫീസർമാർക്കും.